GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

02-07-2021

### 1. കർഷക അവാർഡ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ – സംസ്ഥാന തല കർഷക അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ഈ കാലയളവിൽ കാർഷികമേഖലയിലും വിജ്ഞാന വ്യാപനത്തിലും ജൈവ കൃഷിയിലും മട്ടുപ്പാവ് കൃഷിയിലും മറ്റും മികച്ച പ്രവർത്തനം കാഴ്ച്ച വച്ച കർഷകർക്കും, യുവ കർഷകർക്കും, വ്യക്തികൾക്കും, മാധ്യമങ്ങൾക്കും, സ്കൂൾ കോളേജ് വിദ്യാർഥികൾക്കും, അവാർഡുകൾ നൽകുന്നു. വിവിധ അവാർഡുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൃഷി വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും കർഷകരെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് അടുത്തുള്ള കൃഷി ഭവനിൽ **ജൂലൈ ആറാം** തീയതിയ്ക്കു മുമ്പായി നൽകേണ്ടതാണ്. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ ജൂലൈ പതിമൂന്നിനു മുമ്പ് ലഭിക്കത്തക്ക വിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം – 03 എന്ന വിലാസത്തിൽ അയ്ക്കേണ്ടതാണ്.

### ഓൺലൈൻ പരിശീലന പരിപാടികൾ

2. കേരള വെറ്ററിനറി സർവകലാശാല 'ഡയറി ഫാമുകളിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന വെബിനാർ പരമ്പരയിൽ ഇന്ന് (02-07-2021) വൈകിട്ട് **5 മണിക്ക്** **'ഡയറിഫാമുകളിലെ മാലിന്യസംസ്കരണം'** എന്ന വിഷയത്തിൽ ഡോ. ദീപക് മാത്യു ഓൺലൈൻ പരിശീലനം നടത്തുന്നു. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9446714462**.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ ഇന്ന് (02-07-2021 ന്) രാവിലെ 10.30 മുതൽ 4.30 മണിവരെ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർക്ക് **9188522713** എന്ന നമ്പരിലേയ്ക്ക് വാട്സ് ആപ് മെസ്സേജ് അയച്ച് രജിസ്റ്റർ ചെയ്യാം. 836 5478 7446 എന്ന പാസ് വേഡും **038016** എന്ന ഐ. ഡിയും ഉപയോഗിച്ച് സൂം മീറ്റിങ്ങിൽ കയറാവുന്നതാണ്

4. പച്ചക്കറി കൃഷിക്കൊപ്പം മീൻവളർത്തൽ കൂടി സാധിക്കുന്ന അക്വാപോണിക്സ് എന്ന കൃഷി രീതിയിൽ 5 ദിവസത്തെ പരിശീലന പരിപാടി ജൂലൈ 12 മുതൽ 16 വരെയുള്ള തീയതികളിൽ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഓൺലൈനായി നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം രൂപ കല്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലന രീതികൾ, ക്വാളിറ്റി ടെസ്റ്റിംങ്ങും നിയന്ത്രണ മാർഗ്ഗങ്ങളും, വളപ്രയോഗ മാർഗ്ഗങ്ങൾ, രോഗ കീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ ഉണ്ടായിരിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ **9562338143, 7025498850** എന്നീ നമ്പറുകളിൽ രാവിലെ 10 മണി മുതൽ 4 മണിവരെ ബന്ധപ്പെടുക.

5. 2021 ജൂലൈ 5 മുതൽ 7 വരെ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ വിജ്ഞാനവ്യാപന വിഭാഗം **'പോത്ത് വളർത്തൽ സംരംഭം, കർഷകർ ശ്രദ്ധിക്കേണ്ടത്'** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. 20201 ജൂലൈ 8 മുതൽ 15 വരെ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ വിജ്ഞാനവ്യാപന വിഭാഗം **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ ഒരു തൊഴിൽ സംരംഭം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **-9446714462**

7. കേരള കാർഷിക സർവ്വകലാശാലയുടെ വിള പരിപാലന നിർദ്ദേശങ്ങൾ

- ഞാറ് പറിച്ച് നട്ടിട്ട് 15 മുതൽ 20 ദിവസത്തിനുള്ളിൽ പാടശേഖരങ്ങളിൽ കളയെ നിയന്ത്രിക്കാനായി ബിസ്പൈറി ബാക് സോഡിയം (നോമിനി ഗോൾഡ് /അഡോറ /താരക്) എന്ന കളനാശിനി 120 മില്ലി ലിറ്റർ ഒരു ഏക്കർ പാടശേഖരത്തിന് എന്ന രീതിയിൽ തളിച്ചു കൊടുക്കാവുന്നതാണ്.
- മഴക്കാലത്ത് തെങ്ങിന്റെ തടം തുറന്ന് ഓരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം എന്ന അളവിൽ ഇട്ടു കൊടുക്കുക. ഇതിനു ശേഷം രണ്ടാഴ്ച്ച കഴിഞ്ഞു മാത്രമേ രാസവളപ്രയോഗം ചെയ്യാൻ പാടുള്ളൂ.
- പയർ മുളക് എന്നിവയിൽ കാണുന്ന കരിവള്ളിക്കേട് എന്ന രോഗത്തിന് പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കിയതും ഉപയോഗിക്കാവുന്നതാണ്.

8. മൃഗ പരിപാലന നിർദ്ദേശങ്ങൾ

കന്നുകാലികൾക്ക് അണു വിമുക്തമായ ശുദ്ധജലം നൽകുവാൻ കർഷകർ ശ്രദ്ധിയ്ക്കുക. മലിനജലത്തിൽ കൂടി രോഗാണു ബാധയുണ്ടാകാൻ സാധ്യതയുണ്ട്. കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയാക്കി വെയ്ക്കുവാനും വെള്ളക്കെട്ട് ഇല്ലാതാക്കാനും ശ്രദ്ധിയ്ക്കുക. ചാണകക്കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടി വയ്ക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**